കമ്മീഷൻ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സാധനവിൽപ്പന

*6 [470] *ശ്രീ. വി. ഡി. സതീശൻ:*

ഡോ. എം. എ. കുട്ടപ്പൻ:

ശ്രീ. കെ. എ. ചന്ദ്രൻ:

,, എം. മുരളി:

,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിറ്റിരുന്ന സാധനങ്ങൾ അതേവിലയ്ക്ക് സഹകാരി വ്യക്തികൾ മുഖേന കമ്മീഷൻ അടിസ്ഥാനത്തിൽ വിൽക്കുന്ന സമ്പ്രദായം സ്വീകരിച്ചിരുന്നോ;

(ബി) ഈ സമ്പ്രദായം അവസാനിപ്പിക്കുവാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഈ സമ്പ്രദായം സ്വീകരിക്കുന്നപക്ഷം ചെലവില്ലാതെ കൂടുതൽ റീട്ടെയിൽ ഔട്ട് ലെറ്റുകൾ ആരംഭിക്കാൻ കഴിയുകയില്ല; എങ്കിൽ ഇത് പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്):*

(എ) സ്വീകരിച്ചിരുന്നു.

(ബി) ഉടമകളിൽനിന്നും യഥാസമയം സാധനങ്ങളുടെ വില ലഭിക്കാതിരുന്നതു കൊണ്ടാണ് ഈ സമ്പ്രദായം നിർത്തലാക്കിയത്.

(സി) ഈ സമ്പ്രദായത്തേക്കാൾ കാര്യക്ഷമമായി സർക്കാരിന് പ്രത്യേക ചെലവുകൾ ഇല്ലാതെ തെരഞ്ഞെടുത്ത റേഷൻ കടകൾവഴി "സപ്ലൈകോ ശബരി സ്റ്റോറുകൾ" ആരംഭിച്ചു കഴിഞ്ഞു. ഇതിന്റെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ 947 ശബരി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ഓണത്തിനുമുമ്പ് 53 എണ്ണം കൂടി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly